(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി ആന്റ് ഇ) കെട്ടിടം, വൈദ്യുതി കണക്ഷൻ, വാട്ടർ കണക്ഷൻ എന്നിവയോടു കൂടി ഈ സ്ഥാപനം ഇതുവരെ ആരോഗ്യവകുപ്പിന് കൈമാറിയിട്ടില്ല. അതിനുശേഷം ഐ.പി. യൂണിറ്റ് ആരംഭിക്കുന്നതിന് അധിക തസ്തികൾ സൃഷ്ടിക്കുന്നതടക്കമുള്ള കാര്യങ്ങൾ പരിഹരിച്ചശേഷം മാത്രമേ ഇവിടെ ഐ.പി. യൂണിറ്റ് ആരംഭിക്കാൻ കഴിയുകയുള്ളൂ.

തൃത്താല ഗവൺമെന്റ് ആശുപത്രിയിലെ ഐ.പി. വിഭാഗവും പോസ്റ്റുമോർട്ടം സംവിധാനവും സംബന്ധിച്ച പരാതി

130 [1707] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃത്താല ഗവൺമെന്റ് ആശുപത്രിയിൽ ആവശ്യത്തിന് ഡോക്ടർമാർ ഇല്ലാത്തതുകൊണ്ട് ഐ.പി.-യും, പോസ്റ്റുമോർട്ടം സംവിധാനവും പ്രവർത്തിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അവിടെ ആവശ്യത്തിന് ഡോക്ടറേയും ജീവനക്കാരെയും നിയമിച്ച് ഐ.പി.-യും, പോസ്റ്റുമോർട്ടം സംവിധാനവും എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തൃത്താല ഗവൺമെന്റ് ആശുപത്രിയിൽ 2 ഡോക്ടർമാരുടെ തസ്തികകളാണ് ഉള്ളത്. ഇതിൽ ഒരു ഡോക്ടർ അവധിയിലാണ്. പ്രസ്തുത ഒഴിവിലേക്ക് ഒരു ഡോക്ടറെ ആരോഗ്യവകുപ്പ് ഡയറക്ടറുടെ 10-6-2004-ലെ ഉത്തരവ് നമ്പർ ഇ.എ1-81/04/ഡി.എച്ച്.എസ്. പ്രകാരം നിയമിച്ചിട്ടുണ്ട്. എന്നാൽ ഇതുവരെ ജോലിയിൽ പ്രവേശിച്ചിട്ടില്ല. നിലവിൽ 2 ഡോക്ടർമാർ എങ്കിലും ഉണ്ടായാൽ ഐ.പി. സംവിധാനം പുനരാരംഭിക്കാവുന്നതാണ്. പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസർ 6-7-2004-ലെ കത്ത് പ്രകാരം പോസ്റ്റുമോർട്ടം സംവിധാനം പുനരാരംഭിക്കുവാൻ തൃത്താല ഗവൺമെന്റ് ആശുപത്രി മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

വാഴക്കാട് പ്രൈമറി ഹെൽത്ത് സെന്റർ

131 [1708] ശ്രീ. കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി (അസംബ്ലി) നിയോജകമണ്ഡലത്തിലെ വാഴക്കാട് പ്രൈമറി ഹെൽത്ത് സെന്ററിൽ രോഗികളെ കിടത്തി ചികിത്സിക്കണമെന്ന് ആവശ്യപ്പെട്ട് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച വിശദ വിവരങ്ങൾ അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly